15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 728 | 10-02-2025 - ൽ മറുപടിയ്ക്ക്

സഹകരണ ബാങ്കുകളിലെ നിയമനക്കോഴ സംബന്ധിച്ച വകുപ്പുതല അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ ഉണ്ടായതായി പറയപ്പെടുന്ന നിയമനക്കോഴ സംബന്ധിച്ച വിവാദങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; പ്രസ്തുത വിവാദത്തിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ; | (എ) | വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളുടെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള നിയമനക്കോഴ ഗൗരവമായിത്തന്നെ കാണുന്നുണ്ട്. വയനാട് ഡി.സി.സി. ട്രഷറർ ആയിരുന്ന എൻ. എം. വിജയനും അദ്ദേഹത്തിന്റെ മകനും വിഷം കഴിച്ച് ആത്മഹത്യ ചെയ്ത സാഹചര്യങ്ങളും വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള പണമിടപാടുകളും ഗൗരവമായി കണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിയമനക്കോഴ സംബന്ധിച്ച് സഹകരണ വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സഹകരണ വിജിലൻസ് ഓഫീസ് നോർത്ത് സോൺ ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) കണ്ണൂർ, എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) എന്നിവരുടെ നേതൃത്വത്തിൽ 2024 ഡിസംബർ 31, 2025 ജനുവരി 1 തീയതികളിൽ വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) | പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിലവിലെ സാഹചര്യം കണക്കിലെടുത്തും വിശദമായ അന്വേഷണത്തിന് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ അന്വേഷണപരിധിയിൽ എന്തെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശ്രീ. കെ. കെ. ജമാലിനെ ആരോപിത സംഘങ്ങളിൽ കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം പരിശോധന നടത്തുന്നതിന് നിയോഗിച്ചുകൊണ്ടും ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ച കൊണ്ടും ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>താഴെ പറയുന്ന വിഷയങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.<br><br>1. ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ നടത്തിയ നിയമവിരുദ്ധമായ നിയമനം സംബന്ധിച്ച്. |

| | | | |
|---|---|---|---|
| | | | 2. ശ്രീ. എൻ. എം. വിജയന് വിവിധ സഹകരണ ബാങ്കുകളിൽ നിലവിലുള്ള വായ്പകൾ സംബന്ധിച്ച്.<br>3. മേൽ വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന മറ്റു കാര്യങ്ങൾ. |
| (ഡി) | ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികളാണ് വകുപ്പ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ